[ശ്രീ. കെ. എ. ദാമോദര മേനോൻ]

ടത്തെ പ്രീ എക്സ്റ്റൻഷൻ ബ്ലോക്കുകളിൽ ബി. ഡി. ഓ. മാരെ ഇപ്പോഴും നിയമിക്കുന്നില്ല. കുറച്ചു കാലത്തേക്കു് പഞ്ചായത്തു തിരഞ്ഞെടുപ്പുകളും നടന്നപ്പോഴും റിട്ടേണിംഗ് ആഫീസർ എന്ന നിലയിൽ ബ്ലോക്കു് ഡെവലപ്പുമെന്റു് ആഫീസർമാരെ പ്രീ എക്സ്റ്റൻഷൻ ബ്ലോക്കുകളിൽ നിയമിച്ചിരുന്നു. അവരുടെ ആ ജോലി കഴിഞ്ഞശേഷം അവരെ അവിടെനിന്നും പിൻവലിക്കുകയാണു് ചെയ്തതു്. ഇതിന്റെ കാരണം ഇന്നത്തെ അടിയന്തിരസ്ഥിതി പ്രമാണിച്ചു് വ്യയസംകോചനത്തിന്റെ ആവശ്യം മുന്നിൽവച്ചു പ്രീ എക്സ്റ്റൻഷൻ ബ്ലോക്കിൽ ബി. ഡി. ഓ. മാരെ നിയമിക്കേണ്ടതില്ലെന്നു ഗവണ്മെന്റു് ഒരു തീരുമാനത്തിലെത്തിയതാണു്. പ്രീ എക്സ്റ്റൻഷൻ ബ്ലോക്കുകളിൽ വാസ്തവത്തിൽ ഇപ്പോൾ വളരെയൊന്നും പണികളും നടത്തേണ്ടതില്ല. അവിടെ ഒരു സർവ്വെ നടത്തണം. കാർഷിക ഉൽപ്പന്നം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കാർഷിക രംഗത്തു് ചില പ്രവർത്തനങ്ങളും നടത്തണമെന്നുള്ളതാണു് ഇപ്പോൾ ഇവിടെ നീക്കിവച്ചിട്ടുള്ള കർമ്മ പദ്ധതി. അതിനു 5 ഗ്രാമസേവകരും ഒരു അഗ്രിക്കൾച്ചറൽ എക്സ്റ്റൻഷൻ ആഫീസറും അവിടെ പ്രവർത്തിച്ചാൽ മതിയാകുന്നതാണു്. Stage I ബ്ലോക്കുകളായി ഉയർത്തുമ്പോഴും മറ്റു് വികസന പരിപാടികളും ഏറെറടുത്തു നടത്താനുള്ള വ്യവസ്ഥയുണ്ടു്. അപ്പോൾ ബ്ലോക്കു് ഡെവലപ്പുമെന്റു് ആഫീസറെ നിയമിച്ചു പ്രവൃത്തിയെടുക്കാൻ കഴിയും. അതിനു മുമ്പു് ബ്ലോക്കു് ഡെവലപ്പുമെന്റു് ആഫീസർമാരെ നിയമിച്ചതുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വലിയ ഗുണമൊന്നും കിട്ടാനില്ല, ചെലവു വർദ്ധിക്കുകയും ചെയ്യും. ഇതൊക്കെ പരിഗണിച്ചുകൊണ്ടാണു് ഗവണ്മെന്റു് ഇങ്ങനെയൊരു തീരുമാനമെടുത്തതു്. വരുന്ന മേയ് മാസത്തോടുകൂടി ഈ ബ്ലോക്കുകളും മിക്കവാറും എല്ലാംതന്നെ സ്റ്റേജ് ഒൺ ബ്ലോക്കുകളായി തീരും. അപ്പോൾ ബി. ഡി. ഓ. മാരെ നിയമിക്കുകയും ചെയ്യും. ഇനി നാലു മാസത്തെ താമസം മാത്രമേ വരുന്നുള്ളു. ഇതാണു് യഥാർത്ഥ നില.

LEGISLATIVE BUSINESS

The Kerala Tenants and Kudikidappukars Protection Amendment Bill 1964.

Mr. Speaker : Now we pass on to Legislative Business. The Minister for Home Affairs can introduce the Kerala Tenants and Kudikidappukars Protection (Amendment) Bill, 1964.

Minister for Home Affairs(**Shri P. T. Chacko**) : Sir, I introduce the Kerala Tenants and Kudikidappukars Protection (Amendment) Bill, 1964. I also lay on the Table a copy of the statements explaining the circumstances which had necessitated the immediate legislation by Ordinance as required under Rule 73 (1) of the Rules of Procedure and Conduct of Business in the Assembly.

Mr. Speaker : The Bill stands introduced.

Shri P. T. Chacko : I move that the Kerala Tenants and Kudikidappukars Protection (Amendment) Bill, 1964 be taken into consideration.

Minister for Industries (**Shri K. A. Damodara Menon**): I second it.

Shri P. T. Chacko : Sir, evidently, I need not discuss the provisions of this measure. This was an interim legislation that was passed during last year. This was in force till the last day of December 1693. In the meantime, the Land Reforms Bill was passed by the

LIBRARY ARCHIVES Kerala Legislative Assembly

Legislature and it was sent for assent. On 31-12-1963, the assent of the President was obtained and the Land Reforms Bill became law. The only question is why it became necessary to give another lease of life for the interim legislation. Sir, the reason is this; though the assent of the President to the Land Reforms Bill was obtained and it became law, for various reasons, it could not be implemented from the first day of January, 1964. Evidently, Land Tribunals would have to be appointed before the provisions regarding fair rent, resumption and the purchase could be brought into force. Immediately after these provisions coming into force, any tenant or landlord, as the case may be, would be entitled to put in an application before the Land Tribunal. Therefore, these provisions could be brought into force only after the Land Tribunals are appointed and even though, Government had earlier written to the High Court to lend the services of Munsiffs—well, naturally the High Court wanted more time to do it, probably because they did not want to see that their functioning is hampered, it became necessary, Sir, that a little more time should be taken for the appointment of Land Tribunals. Therefore, an Ordinance had to be issued in the interest of the protection that was to be given to the Tenants and kudikidappukars. If that was not done, tenants would have been evicted. Therefore, as there was no other alternative, the interim legislation had to be given a further lease of life and an ordinance had to be issued. This Bill is to replace the Ordinance. All the provisions of the interim legislation were discussed at length before this House appreciating the particular situation. My humble submission to this hon. House is that this measure may be enacted into law. This will remain in force only for a period of 3 months or until the provisions of Land Reforms Act are brought into force. I expect, Sir, that the provisions of the Land Reforms Act can be brought into force even earlier than three months.

Mr. Speaker : Shri Narayana Kurup has given notice of an amendment that the Bill be referred to a Select Committee. Shri P. C. Raghavan Nair also has given a similar notice.

Shri M. Narayana Kurup : Sir, I move that the Kerala Tenants and Kudikidappukars Protection (Amendment) Bill, 1964 be referred to a Select Committee with authority to scrutinise the provisions of the principal Act. ഈ ബിൽ ഒരു സെലക്ററ് കമ്മിറ്റിക്കയച്ച് പരിശോധിക്കണം. ആവശ്യമാണെങ്കിൽ മൂലനിയമത്തിലെ ചില വകുപ്പുകളിൽക്കൂടി ചില ഭേദഗതികളും വരുത്തണമെന്നും ഞാൻ ഒരു പ്രമേയം കൊടുത്തിട്ടുണ്ട്. എന്നാൽ, എന്റെ ഉദ്ദേശം വളരെ വലുതായിട്ടുള്ള പരിശോധനകളൊന്നും മൂലനിയമത്തിൽ വരുത്തണമെന്നുള്ളതല്ല. ഞാൻ ഒരു ഭേദഗതിയും കൊടുത്തിട്ടുണ്ട്. ഈ ബിൽ സെലക്ററ് കമ്മിറ്റിക്ക് അയയ്ക്കണമെന്നു ഞാൻ പറഞ്ഞതിന്റെ ഉദ്ദേശം ഏതാണ്ട് ഈ ഭേദഗതിയിൽ വ്യക്തമാണ്. ഈ കുടിയാൻ കുടികിടപ്പു സംരക്ഷണനിയമം അവക്കെതിരായിട്ടുള്ള നടപടികളെയെല്ലാം ഇന്നു സ്റ്റേ ചെയ്തിരിക്കുകയാണ്. ആ സ്റ്റേ പുതിയ നിയമം പ്രാബല്യത്തിൽ വരുന്നതുവരേയോ മാർച്ച് 31–ാം തീ വരേയോ നീട്ടണമെന്നാണ് ഇന്നത്തെ ബിൽ. എന്നാൽ പാസ്സാക്കപ്പെട്ടിട്ടുള്ള ഈ പുതിയ നിയമം നടപ്പിൽ വരുമ്പോൾ, ആ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വകുപ്പുകളുടെ ഗുണം ഉദ്ദേശിക്കപ്പെട്ടവർക്ക് ലഭിക്കണമെന്നുള്ളതു് ഒരു പരമാർത്ഥമാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. നാരായണക്കുറുപ്പ്]

എന്റെ അഭിപ്രായത്തിൽ ഞാൻ ഇവിടെ കൊടുത്തിട്ടുള്ള ഭേദഗതിയൊ അല്ലെങ്കിൽ അതിനനുസരണമായിട്ടുള്ള മറ്റു ഭേദഗതികളോ ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചില്ലെങ്കിൽ, പാട്ടബാക്കി തീർത്തുപോകുന്ന വ്യവസ്ഥയെപ്പറ്റിയുള്ള പുതിയ നിയമത്തിലെ 73-ാം വകുപ്പിന്റെ പ്രയോജനം പല കുടിയാന്മാക്കും നഷ്ടപ്പെട്ടുപോകുന്നതാണ്. മൂലനിയമത്തിലെ 6-ാം വകുപ്പു കുടിയാന്മാരെ ഒഴിപ്പിക്കുന്നതിനുള്ള എല്ലാ നടപടികളും തടയുന്നുണ്ടെങ്കിലും ആ തടസ്സം അല്ലെങ്കിൽ സ്റ്റേ ആറാം വകുപ്പിൽ കുടിയാന്മാർ പ്രത്യേക കാലഘട്ടത്തിനുള്ളിൽ പാട്ടബാക്കി കെട്ടിവെയ്ക്കണമെന്ന വ്യവസ്ഥയനുസരിച്ചാണ്. അതിന്റെ ഫലമായി 6-ാം വകുപ്പിൽ നിർദ്ദേശിച്ചപ്രകാരം കുടിയാന്മാർ പാട്ടബാക്കി കെട്ടിവയ്ക്കുന്നില്ലെങ്കിൽ ആ പാട്ടബാക്കി വസൂലാക്കാനും കുടിയാന്മാരെ ഒഴിപ്പിക്കാനും ഭൂവുടമസ്ഥനു് അധികാരമുണ്ടു്. നിശ്ചയിച്ച പാട്ടബാക്കി ആ നിശ്ചിത നിയമമനുസരിച്ചു കുടിയാൻ കെട്ടിവയ്ക്കണമെന്നുള്ളതിൽ മറ്റാരേക്കാളും അധികം നിഷ്ക്കർഷയുള്ള ഒരു വ്യക്തിയാണു് ഞാൻ എന്നു പറഞ്ഞുകൊള്ളട്ടെ. പിന്നെ എന്തിനാണു് എന്റെ ഭേദഗതി കൊണ്ടുവന്നതെന്നു പറയാം. ഈ പുതിയ ഭേദഗതിനിയമത്തിന്റെ 73-ാം വകുപ്പു് അങ്ങനെയുള്ള ആളുകൾക്കുകൂടി ഈ നിയമം പ്രാബല്യത്തിൽ വന്നു് മൂന്നു മാസത്തിനുള്ളിൽ അതുപ്രകാരമുള്ള പാട്ടബാക്കി കൊടുത്താൽ രക്ഷ കിട്ടുമെന്നു വ്യവസ്ഥ ചെയ്തിരുന്നില്ലെങ്കിൽ ഞാൻ അതിനുവേണ്ടി വാദിക്കുകയോ എന്തെങ്കിലും ഭേദഗതി അവതരിപ്പിക്കുകയോ ചെയ്യുമായിരുന്നില്ല. അങ്ങനെ 73-ാം വകുപ്പിൽ വ്യവസ്ഥയുണ്ടായിരിക്കുകയും അതു നടപ്പിലാക്കുന്നതിനുമുമ്പു് അതിന്റെ ഫലം കുടിയാനു നിഷേധിക്കപ്പെടുന്ന പരിതഃസ്ഥിതിയുണ്ടാകാൻ ഇടവരികയും ചെയ്യരുതെന്നു മാത്രമാണു് എന്റെ ഉദ്ദേശം. ഞാൻ അവതരിപ്പിച്ച ഭേദഗതിയുടെ അന്തഃസത്തയുമതാണു്. ഈ സംരക്ഷണനിയമം നിലനിൽക്കുന്നതുവരെ 6-ാം വകുപ്പുപ്രകാരം പാട്ടബാക്കി കൊടുത്തില്ലെങ്കിൽ അവരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കരുതെന്നാണു് ഞാൻ പറയുന്നതു്. അതിൽ നിശ്ചയിച്ച അവധിക്കുശേഷംതന്നെ നിരവധി കുടിയാന്മാരുടെ പേരിൽ നടപടികളും ഇന്നു തുടങ്ങിവരികയാണു്. ഇനിയും തുടങ്ങിക്കൊണ്ടിരിക്കും. ഒരുപക്ഷെ ഈ 73-ാം വകുപ്പു നടപ്പിൽവരുമ്പോഴും അവരുടെ കുടിയായ്മതന്നെ അവസാനിച്ചുപോകാൻ ഇടയുണ്ടു്. ഈവകയെല്ലാം പരിതഃസ്ഥിതികളും ആലോചിച്ചായിരിക്കുമല്ലോ, 6-ാംവകുപ്പു പരിശോധിച്ചുനോക്കി ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും എത്രതന്നെ ആനുകൂല്യങ്ങളും ഇതുവരെ കൊടുത്തിരുന്നെങ്കിൽകൂടിയും, സമഗ്രമായ ഒരു നിയമം ഉണ്ടാകുമ്പോഴും, അവസാനമായി ഒരു ആനുകൂല്യം അവർക്കു നൽകണമെന്നു തീരുമാനിച്ചതു്. അപ്പോഴും ആ തീരുമാനം അനുഭവത്തിൽ കൊണ്ടുവരാനുള്ള ഈ വകുപ്പു പ്രാബല്യത്തിൽ കൊണ്ടുവരുമ്പോഴും അവരുടെ അവകാശം നഷ്ടപ്പെടാതിരിക്കാനുള്ള എന്തെങ്കിലും ഭേദഗതി ഈ നിയമത്തിൽ കൊണ്ടുവരാൻ ബഹുമാനപ്പെട്ട മന്ത്രിക്കു് സന്മനസ്സുണ്ടാകണം. അതു സെലക്ട് കമ്മിറ്റിക്കു് പോകാതെതന്നെ തീരുമാനിക്കാവുന്ന സംഗതിയാണു്. കാരണം, 6-ാം വകുപ്പു് ഇന്നു ഭേദഗതിക്കു വിധേയമാണു്. 6-ാം വകുപ്പിനു് ബഹുമാനപ്പെട്ട മന്ത്രി ഒരു ഭേദഗതി കൊണ്ടുവന്നിട്ടുണ്ടു്. അപ്പോഴും ഈ ബില്ലിന്റെ പരിധിക്കുപുറത്താണു് എന്റെ ഭേദഗതിയെന്നു വാദിക്കാവുന്നതല്ല. 6-ാം വകുപ്പിനുതന്നെ ഒരു ഉപവകുപ്പു ചേർത്തോ അല്ലെങ്കിൽ ഞാൻ ഉദ്ദേശിച്ച തരത്തിൽ 6 (എ) എന്നുള്ള വകുപ്പു ചേർത്തോ ഈ നിയമം ഊർജ്ജിതത്തിൽ വരുന്നതുവരെ കുടിയാന്മാരെ ഒഴിപ്പിക്കപ്പെട്ടു് അവർക്കു് 73-ാം വകുപ്പിലുള്ള അവകാശം നഷ്ടപ്പെടുത്തരുതെന്നുള്ള ഉദ്ദേശത്തോടുകൂടിമാത്രം അവതരിപ്പിച്ചതാണു് എന്റെ പ്രമേയവും ഭേദഗതിയും. അതു തീർച്ചയായും ബഹുമാനപ്പെട്ട മന്ത്രി സഗൗരവം പരിഗണിക്കുമെന്നും സാധിക്കുമെങ്കിൽ ഈ ബില്ലിനോടനുബന്ധിച്ചുതന്നെ ഒരു ചെറിയ ഭേദഗതി അവതരിപ്പിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. അതിനുവേണ്ടി അദ്ദേഹത്തോടപേക്ഷിച്ചുകൊണ്ടു് എന്റെ പ്രമേയം ഈ സഭ മുമ്പാകെ വയ്ക്കുന്നു.

ശ്രീ. ജോസഫ് ചാഴിക്കാടൻ: സർ, എനിക്കിവിടെ പറയാനുള്ളതു്, ഇന്നത്തെ ഈ സഭയുടെ സ്ഥിതി അങ്ങേ വശത്തിരിക്കുന്നവർക്കും കാണാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കുമല്ലോ ; മഹത്തായ ഈ സഭയിൽ നിയമങ്ങൾ പാസ്സാക്കുന്നതു കാൺഗ്രസ്സുകാർക്കുവേണ്ടി മാത്രമല്ല. ഇതു പറയുന്നതിനായിട്ടാണു് ഞാൻ ഇവിടെ ഇരിക്കുന്നതു്. ഈ രാജ്യത്തുള്ള സോഷ്യലിസ്റ്റു പാർട്ടിക്കാർക്കും, മുസ്ലീംലീഗുകാർക്കും കമ്മ്യൂണിസ്റ്റുകാർക്കും എല്ലാവർക്കുംവേണ്ടിയിട്ടാണു് ഈ നിയമസഭയിൽ നാം നിയമം പാസ്സാക്കുന്നതു്. ഇന്നു കാൺഗ്രസ്സുകാരിൽ കുറച്ചുപേർ മാത്രം—രേണഭോഗത്തു് ഇന്നു മൂന്നിലൊന്നു് ആളേയുള്ളു—ഇരുന്നു ഇങ്ങനെ നിയമം പാസ്സാക്കിവിടുന്നതു നീതിയല്ല, ന്യായമല്ല.

Shri P. T. Chacko : May I point out one thing, Mr. Chazhikatt ? This is nothing new. This was passed by the Legislature ; this was discussed by the Legislature when all the Members of all the parties were here.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : നിയമം ഉണ്ടാക്കുകയാണു് ഇപ്പോഴും നാം ചെയ്യാൻ പോകുന്നതു്. നാം ഈ രാജ്യത്തെ മുഴുവൻ ജനങ്ങളെയും ബാധിക്കുന്നതായ നിയമങ്ങളാണു് പാസ്സാക്കുകയാണു്. ആ അവസരത്തിൽ ഈ രാജ്യത്തെ മുഴുവൻ ജനങ്ങളുടെ പ്രതിനിധികളും ഉണ്ടായിരിക്കുന്ന ഈ സഭയിൽവച്ചു നിയമം പാസ്സാക്കേണ്ടതാണു്. പ്രതിപക്ഷത്തിരിക്കുന്നവർ ആരുംതന്നെ ഇന്നു സഭയിൽ ഇല്ല. അങ്ങനെയുള്ള ഒരു സന്ദർഭത്തിൽ ഇങ്ങനെ നിയമം പാസ്സാക്കാതിരിക്കണമെന്നു നിങ്ങളെ ഓർമ്മിപ്പിക്കാൻവേണ്ടിയാണു് ഞാനിവിടെ ഇരിക്കുന്നതു്. ഇന്നലെ ഇവിടെ നിങ്ങൾ രണ്ടുമൂന്നു നിയമങ്ങൾ പാസ്സാക്കിയെടുത്തതായി ഞാൻ പത്രത്തിൽ കണ്ടു. ഇന്നു നിങ്ങളുടെ പാർട്ടിയിൽപ്പെട്ട ഒരു അംഗം വാക്കൗട്ടു് നടത്തി ഇവിടെ നിരാഹാരസത്യാഗ്രഹം അനുഷ്ഠിക്കുന്നു. പ്രതിപക്ഷം കൂടാതെ നിയമം പാസ്സാക്കുന്നതു ശരിയല്ല. ഈ രാജ്യത്തെ മുഴുവൻ ജനങ്ങളേയും ബാധിക്കുന്ന നിയമങ്ങൾ ഇങ്ങനെ ഭൂരിപക്ഷത്തിൽപ്പെട്ട കുറേപ്പേർ മാത്രമിരുന്നു പാസ്സാക്കിയെടുക്കുന്നതു ശരിയല്ലെന്നും, എന്റെ മനഃസാക്ഷി എന്നെ പ്രേരിപ്പിച്ചതുകൊണ്ടും എനിക്കു് അത്യാവശ്യമാണെന്നു തോന്നിയതുകൊണ്ടും ആ വിവരം ഇവിടെ പറയുന്നതിനായി ഞാൻ ഇവിടെ ഇരുന്നതാണു്. സർ, ഇതു് അങ്ങേയ്ക്കും അറിയാവുന്നതാണല്ലോ.

സർ, അതുകൊണ്ടു് ഈ നിയമം ഇപ്പോഴും പാസ്സാക്കാതെ ശ്രീമാൻ കുറുപ്പു് നിർദ്ദേശിച്ചതുപോലെ ഒരു സെലക്ട് കമ്മിറ്റിയിൽവച്ചോ അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിലോ ഇതു രണ്ടുമൂന്നു ദിവസത്തേക്കു മാറ്റിവച്ചു കഴിഞ്ഞതിനുശേഷം പാസ്സാക്കേണ്ടതാണു്. സർ, പ്രതിപക്ഷമില്ലാതെകണ്ടു പ്രതിപക്ഷത്തിന്റെ വാദങ്ങൾകൂടി ഈ നിയമങ്ങളെ സംബന്ധിച്ചിടത്തോളം കേൾക്കാതെ നിയമം പാസ്സാക്കാൻ നിങ്ങൾ വിചാരിക്കുകയാണു്. ഇങ്ങനെയാണെന്നുണ്ടെങ്കിൽ സകല നിയമങ്ങളും കൊണ്ടുവന്നു പ്രതിപക്ഷത്തിന്റെ വാദങ്ങൾ കേൾക്കാതെ പാസ്സാക്കി എടുത്തു് ഈ രാജ്യം മുഴുവൻ ഭരിക്കാനാണോ നിങ്ങൾ ഇരിക്കുന്നതു് ? കാൺഗ്രസ്സു് ഈ കേരളസംസ്ഥാനം മുഴുവൻ ഭരിക്കുന്നു എന്നുള്ളതു ശരിയാണു്. കാലാവധി മുഴുവൻ നിങ്ങൾ ഭരിക്കുമെന്നാണു് ഞാൻ വിചാരിക്കുന്നതു്. കുറെനാളത്തേക്കുകൂടി നിങ്ങൾ ഭരിക്കുമെന്നാണെന്റെ വിശ്വാസം. ഈ രാജ്യത്തു് എപ്പോഴും ഗവണ്മെന്റുകൾ രാജിവയ്ക്കുന്നതിനോടു ഞാൻ അനുകൂലമല്ല. കാലാവധിവരെ നിങ്ങൾ ഭരിക്കണമെന്നാണു് എന്റെ താല്പര്യം. എങ്കിലും ഒരു പ്രതിപക്ഷം ഇല്ലാതെ, പ്രതിപക്ഷം സഭയിലില്ലെന്നുള്ളതു കണ്ടുകൊണ്ടുതന്നെ, നിങ്ങൾ ഇങ്ങനെ നിയമം പാസ്സാക്കി എടുക്കുന്നതു ശരിയല്ല. അങ്ങനെ നിയമം പാസ്സാക്കാൻ പാടില്ല.

മി. സ്പീക്കർ : പ്രതിപക്ഷത്തുള്ളവർ ഇല്ലെന്നുള്ളതുകൊണ്ടു് നിയമം പാസ്സാക്കാൻ പാടില്ലാ എന്നു പറയുന്നതു ശരിയല്ല.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : പ്രതിപക്ഷമില്ലാത്തതുകൊണ്ടുതന്നെ നിയമം പാസ്സാക്കാൻ പാടില്ലാ. കാരണം, ഇവിടെ ഏകദേശം രാജ്യത്തെ പകുതിയോളം ആളുകളുടെ പ്രാതിനിധ്യം ഈ സഭയിലില്ലല്ലോ. അവരാരും ഇല്ലാത്തപ്പോഴാണു് നിങ്ങൾ നിയമം പാസ്സാക്കാൻ പോകുന്നതു്. അതു ശരിയല്ല, അവരെക്കൂടി ബന്ധിക്കുന്ന നിയമമാണല്ലോ ഇപ്പോഴും പാസ്സാക്കുന്നതു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചഴിക്കാട്ട്]

പോകുന്നത്. ഇപ്പോഴും ഈ നിയമത്തിന്റെ കാലാവധി കഴിഞ്ഞുപോയിട്ടുമില്ല. അങ്ങനെയുള്ള സന്ദർഭത്തിൽ, സർ, അങ്ങയോട് ഞാൻ അപേക്ഷിക്കുന്നു : Sir, I request that these bills should not be passed now. ഈ ബില്ലുകളും ഇപ്പോൾ പാസ്സാക്കുന്നതു ശരിയല്ല. ഇന്നലെ നിങ്ങളും ഇതുപോലെ മൂന്നു ബില്ലുകളും പാസ്സാക്കിയതായി പത്രങ്ങളിൽ കണ്ടു. ഇതു് ഈ രാജ്യത്തെ മുഴുവൻ ബാധിക്കുന്ന ബില്ലുകളാണു്. നിങ്ങളും എന്റെ വലത്തുവശത്തേക്കു് ഒന്നു നോക്കൂ. എന്തിനാണു നിങ്ങളും ഇങ്ങനെ ബില്ലുകളും പാസ്സാക്കുന്നതു് ? നിലാവുണ്ടെന്നു കണ്ടു് വെളുക്കുന്നതുവരെ കട്ടുകളയാം എന്നു വിചാരിക്കരുതു്. നാളെ ഹാളിഡേയാണു്. അസംബ്ലിയില്ല. മറന്നാളും ഹാളിഡേയാണു്. അതുകഴിഞ്ഞു് തിങ്കളാഴ്ചയോ, ചൊവ്വാഴ്ചയോ ഇതു് ഇവിടെ കൊണ്ടുവന്നു പാസ്സാക്കാം. അപ്പോഴേക്കും പ്രതിപക്ഷവുംകൂടി ഈ സഭയിൽ ഉണ്ടാകുമെന്നു നമുക്കു പ്രതീക്ഷിക്കാം. അതുകൊണ്ടു് അങ്ങനെ ചെയ്യണമെന്നു ബഹുമാനപ്പെട്ട സഭയോടും സ്പീക്കറോടും ഞാൻ അപേക്ഷിക്കുകയാണു്. അതിനിടയ്ക്കു് എന്തു ആപത്താണു് ഇവിടെ വരാൻപോകുന്നതു്. അതുകൊണ്ടു ഞാൻ പറയുന്നു, ഈ ബിൽ ഇപ്പോഴും പാസ്സാക്കണ്ടാ എന്നു്. മിസ്റ്റർ നാരായണക്കുറുപ്പു് നിർദ്ദേശിച്ചതുപോലെ രണ്ടോ മൂന്നോ പേരെ ഉൾക്കൊള്ളിച്ചുള്ള ഒരു സെലക്ട് കമ്മിറ്റിക്കു വിടുകയോ, അതല്ലെങ്കിൽ ശ്രീമാൻ കുറുപ്പിന്റെ നിർദ്ദേശമനുസരിച്ചുള്ള ഭേദഗതികളും വരുത്തുന്നതിനായി ഈ ബിൽ നാളെയും മറന്നാളും കഴിഞ്ഞു കൊണ്ടുവരുന്നതിനായി മാറ്റിവയ്ക്കപ്പെടുകയോ ചെയ്യേണ്ടതാണു്. പ്രതിപക്ഷത്തെ നിങ്ങളും ബഹുമാനിക്കേണ്ടേ. പ്രതിപക്ഷം തിരിയെ വരും. ഈ പ്രതിപക്ഷം ഭരിക്കുന്ന ദിവസവും വരും. ഇതിനു മുമ്പു് ഭരിച്ചിട്ടുമുണ്ടു്. പ്രതിപക്ഷത്തിരിക്കുന്ന കാലവും ഭരിക്കുന്ന ദിവസവും വരും. അതു നാം കണ്ടിട്ടുള്ളതുമാണു്. അതുകൊണ്ടു് എന്റെ പ്രായംകൂടി വച്ചുകൊണ്ടു ഞാൻ നിങ്ങളോടു് അപേക്ഷിക്കുന്നു.

ശ്രീ. കെ. കെ. വിശ്വനാഥൻ : ഈ ബിൽ വേഗം പാസ്സാക്കണമെന്നുള്ള അഭിപ്രായക്കാരനാണു് ഞാൻ. എങ്കിലും ശ്രീമാൻ നാരായണക്കുറുപ്പു് പറഞ്ഞ അക്കാര്യങ്ങളും, അതിനു സെലക്ട് കമ്മിറ്റിക്കു പോകാതെകണ്ടതന്നെ അതു ചെയ്യാൻ കഴിയുമെന്നു എനിക്കു തോന്നുന്നു. ഇതു പാസ്സാക്കുകയും ഇപ്പോൾ നാം പ്രസിഡൻറിന്റെ അംഗീകാരം കിട്ടിയിരിക്കുന്ന ഭൂപരിഷ്കരണ ബില്ലിന്റെ ഡെഫനിഷൻ ക്ലാസും അതിന്റെ 73—ാം വകുപ്പു നടപ്പാക്കുകയും ചെയ്യുകയാണെങ്കിൽ ശ്രീമാൻ കുറുപ്പു പറഞ്ഞ ബുദ്ധിമുട്ടു തരണം ചെയ്യാൻ കഴിയുമെന്നു് എനിക്കു തോന്നുന്നു. ഭൂപരിഷ്കരണനിയമം പാസ്സാക്കുന്നതുകൊണ്ടുള്ള ഗുണം കുടിയാന്മാർക്കു് കിട്ടണം എന്നാണു് ഉദ്ദേശമെങ്കിൽ ഈ നിയമം പാസ്സാക്കുന്നതോടൊപ്പം ഭൂപരിഷ്കരണബില്ലിന്റെ ഡെഫനിഷൻ ക്ലാസും 73-ാം വകുപ്പും ഉടനെ നടപ്പിൽ വരുത്താൻ കഴിയുമോ എന്നു് ഗവണ്മെൻറു പരിശോധിക്കേണ്ടതാണു്.

ശ്രീ. പി. ടി. ചാക്കോ : ശ്രീമാൻ ചാഴിക്കാടന്റെ പ്രായക്കുടുതലിനേയും, മറുതരത്തിലുള്ള അദ്ദേഹത്തിന്റെ നിലപാടിനേപ്പോലും ബഹുമാനിച്ചുകൊണ്ടുതന്നെ ഈ നിയമം പാസ്സാക്കുന്നതിനുള്ള നടപടി മുന്നോട്ടുകൊണ്ടുപോകേണ്ടതാവശ്യമാണെന്നു ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. സർ, ഇതു കുടികിടപ്പുകാർക്കും കുടിയാന്മാർക്കും സംരക്ഷണം നൽകുന്നതിനുവേണ്ടി ഉണ്ടാക്കിയ ഒരു നിയമമാണു്. ഒരു ആർഡിനൻസ് ഇതിനകം കൊണ്ടുവന്നിരുന്നില്ലെങ്കിൽ, ലാൻറ് റിഫാംസ് ആക്ടിന്റെ ഉൗർജ്ജിതത്തിൽവരികയും ചെയ്തില്ലെങ്കിൽ ഈ രാജ്യത്തു ഇന്നു യാതൊരു രക്ഷയും അവർക്കുണ്ടാകുകയില്ല. നേരത്തെ അന്യായംകൊടുത്തു് അവരെ ഒഴിപ്പിക്കാൻ കഴിയുമായിരുന്നു. അവരുടെ പേരിൽ മറ്റു നടപടികളും നടത്താൻ കഴിയുമായിരുന്നു. അതുകൊണ്ടാണു് കഴിഞ്ഞകൊല്ലം ഒരു സമഗ്രമായ നിയമം വരുന്നതുവരെ കുടിയാന്മാരെ ഒരു കാരണവശാലും ഒഴിപ്പിക്കരുതു് എന്നുള്ളതിലേയ്ക്കു് ഈ കുടിയാൻ കുടികിടപ്പുകാരൻ ഒഴിപ്പിക്കൽനിരോധനനിയമംകൊണ്ടുവന്നു് ഈ നിയമസഭയിലെ എല്ലാഭാഗത്തുള്ള ആളുകളുംകൂടി ചർച്ചചെയ്തു് ഒരു നിയമം പാസ്സാക്കിയതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട് : എല്ലാവരുംകൂടി ചർച്ചചെയ്യ. അതു കൊണ്ടാണ് ഞാൻ പറഞ്ഞതു്, ഇതു പിന്നീടു് പ്രതിപക്ഷവുംകൂടിയുള്ളപ്പോൾ അങ്ങു് പാസ്സാക്കിയാൽപോരെ എന്നു്.

ശ്രീ. പി. ടി. ചാക്കോ: അന്നു ഡിസംബർ 31-ാം തീയതിവരെ മാത്രമേ ആ നിയമത്തിൽ കാലാവധിവച്ചിട്ടുള്ള. ഡിസംബർ 31–ാം തീയതികഴിഞ്ഞു. ലാൻറു് റിഫാംസ് ആക്റ്റു് ഈ ഒന്നാംതീയതിമുതൽ പ്രാബല്യത്തിൽ വന്നതുകൊണ്ടു് നമുക്കു് ഇതു് ആവശ്യമില്ല. എന്നാൽ 1–ം തീയതി മുതൽ ലാൻറു് റിഫാംസ്ബിൽ നടപ്പിൽവരുത്താൻ കഴിഞ്ഞിട്ടില്ല. അതിനുള്ള കാരണം, അതിലെ വ്യവസ്ഥകളും നടപ്പിൽവരുത്താൻ ആവശ്യമായ ലാൻറു് ട്രിബ്യൂണലുകളെ നിയമിക്കണം. അതിലേക്കു് ഹൈക്കോടതിയിൽനിന്നും ഏതാനും മുൻസിഫന്മാരുടെ സർവ്വീസ് വിട്ടുതരണം. അതിനുവേണ്ടിയുള്ള നടപടികളും ഗവണ്മെൻറു് എടുത്തിട്ടുണ്ടു്. അതുവരെ കുടിയാന്മാർക്കു സംരക്ഷണം നൽകുന്നതിനായി കുടിയാൻ, കുടികിടപ്പുകാരൻ ഒഴിപ്പിക്കൽനിരോധന ഓർഡിനൻസു പുറപ്പെടുവിച്ചിട്ടുണ്ടു്. മുമ്പു് ഇതിനുവേണ്ടി പാസ്സാക്കിയിട്ടുള്ള നിയമം ഈ ആർഡിനൻസ് അനുസരിച്ചുള്ളതു്, ഡിസംബർ 31-ാം തീയതിവരെ പ്രാബല്യത്തിലിരിക്കുന്നുണ്ടു്. അന്നു പാസ്സാക്കിയ ആ നിയമം തന്നെ മൂന്നുമാസത്തേക്കുകൂടി നീട്ടുന്നതാണു് ഈ നിയമം. ശ്രീമാൻ ചാഴിക്കാടൻ പറഞ്ഞതുപോലെ അതു നീട്ടിവയ്ക്കേണ്ട ആവശ്യമില്ല. അദ്ദേഹം പറഞ്ഞതു് അതു നീട്ടുന്നതു നാളത്തേയും മറന്നാളത്തേയുംകൂടി കഴിഞ്ഞു് തിങ്കളാഴ്ചകൂടി പാസ്സാക്കാമെന്നാണു്. നാളെയും മറന്നാളുംകൊണ്ടു് ഒന്നും ഇവിടെ സംഭവിക്കാൻപോകുന്നില്ല. അതിനുവേണ്ടി ഇതിനു കാലതാമസം വരുത്തിട്ട കാര്യമില്ല. ഈ നിയമസഭയിൽതന്നെ ഇതു പാസ്സാക്കി നിയമമാക്കണം. അല്ലെങ്കിൽ അതിൻെറ നിയമപ്രാബല്യംപോകും, അതിൻെറ ഭവിഷ്യത്തു കുടിയാന്മാരെ സംബന്ധിച്ചിടത്തോളം വളരെ വലുതായിരിക്കും. അതു് പാടില്ലാ എന്നുള്ളതുകൊണ്ടു് കിട്ടിയ അവസരം ഉപയോഗപ്പെടുത്തി കുടിയാനു സംരക്ഷണം നൽകുന്നതിനാവശ്യമായ ഈ നിയമം ഇപ്പോൾ ചർച്ചയ്ക്കെടുക്കണമെന്നു ഞാൻ ആവശ്യപ്പെടുകയാണു്. നാളെയും, നാളെകഴിഞ്ഞും എന്താണു് ഇവിടെ ഉണ്ടാകാൻ പോകുന്നതെന്നു് ആർക്കും അറിഞ്ഞുകൂടാ. മി. ചാഴിക്കാടൻ പറഞ്ഞതുപോലെ ആകണമെന്നില്ല.

മി. ജോസഫ് ചാഴിക്കാട്ട്: അങ്ങനെ കിട്ടിയ അവസരം ഉപയോഗപ്പെടുത്തി നിയമങ്ങളെല്ലാം അങ്ങു പാസ്സാക്കിക്കളയാം എന്നു വിചാരിക്കരുതു്.

ശ്രീ. പി. ടി. ചാക്കോ: ഈ കിട്ടിയ അവസരം ഉപയോഗിച്ചു് കുടിയാനും കുടികിടപ്പുകാരനും ഗുണംചെയ്യാൻ കഴിയുന്നതു ചെയ്താൽകൊള്ളാമെന്നുണ്ടു്.

ശ്രീമാൻ നാരായണക്കുറുപ്പു് പറഞ്ഞ കാര്യങ്ങളെപ്പറ്റി ഗവണ്മെൻറാലോചിച്ചിട്ടുണ്ടു് ശ്രീമാൻ കെ. കെ. വിശ്വനാഥനും അതേപ്പറ്റി പറഞ്ഞു. ഇന്നുള്ള വ്യവസ്ഥ അതുസംബന്ധിച്ചു് കുടിയാന്മാർ പാട്ടബാക്കിയുടെ 75 ശതമാനം മൂന്നുമാസത്തിനുള്ളിൽ കെട്ടിവച്ചിരിക്കണം, അവർക്കേ സ്റ്റേ കിട്ടുകയുള്ള എന്നു പറഞ്ഞിട്ടുണ്ടു്. പക്ഷെ, പഴയ നിയമത്തിലെ 74–ാമത്തെ വകുപ്പനുസരിച്ചു് കെട്ടിവച്ച തുകകഴിച്ചു് പിന്നെയും മൂന്നുമാസത്തിനകം കുടിശ്ശിക വരുത്തിയാൽ മതി പിന്നെയും ഒഴിപ്പിക്കൽ നടപടികളെടുക്കാമെന്നുണ്ടു്. എന്നാൽ ഈ നിയമത്തിൽ യാതൊരു കാരണവശാലും എവിക്ഷൻ പാടില്ല, അതുകൊണ്ടു് ഏതെങ്കിലും കുടിയാൻ 75 ശതമാനം കെട്ടിവച്ചേക്കും എന്നുള്ളതല്ലാതെ അങ്ങനെ അന്യായം കൊടുത്താൽപോലും അവർക്കു യാതൊരു ദോഷവും വരാൻ പോകുന്നില്ല. അങ്ങേയറ്റം ഈ നിയമം പ്രാബല്യത്തിലിരിക്കുന്നതു മാർച്ചു് 31–ാംതീയതിവരെയാണു്. അതുവരെ ആരെയും ഒഴിപ്പിക്കാൻപാടില്ല. അതിനിടയ്ക്കു് ചില കുടിയാന്മാർ 75 ശതമാനം കെട്ടിവച്ചേക്കും. അതു അവർക്കു അത്യും നല്ലതാണു്, ലാൻറു് റിഫാംസ് ആക്റ്റു് നടപ്പിൽവരുമ്പോഴേ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. പാക്കോ]

അതുംകൂടി കണക്കിലെടുക്കുന്നതാണു്. അതിലേക്കുവേണ്ടി സെലക്ടു കമ്മിറ്റിക്കു പോകേണ്ട ആവശ്യമില്ല. ഈ ഭേദഗതിവരുത്താത്തതുകൊണ്ടു യാതൊരു ദോഷവും വരാനില്ല.

ശ്രീ. ജോസഫു് ചാഴിക്കാട്ടു്: ഞാൻ വളരെ ന്യായമായും സത്യമായു, ഈരാജ്യത്തിനു ഗുണകരമായുമുള്ള കാര്യങ്ങളം പറഞ്ഞതിനെ കേംക്കാതെയിരിക്കുന്നതുകൊണ്ടു് വളരെ സങ്കടത്തോടുകൂടി ഞാൻ ഈ സഭയിൽനിന്നും ഇറങ്ങിപ്പോകുന്നു.

(Shri Joseph Chazhikkattu then walked out of the House)

ശ്രീ. എം. നാരായണക്കുറുപ്പു്: സർ, ബഹുമാനപ്പെട്ട മന്ത്രി ഈ ഒരു 75 ശതമാനത്തിന്റെ കഥ പറഞ്ഞു. വാസ്തവത്തിൽ അതല്ല. 11–4–1957–നു മുമ്പുള്ള പാട്ടബാക്കിയുണ്ടെങ്കിൽ 28–3–1963 നു മുമ്പും, 11–4–1957 നു ശേഷമുള്ളതു് 15–8–1963 നു മുമ്പും, ബാക്കിയുള്ളതു് 30–10–1963 നു മുമ്പും കെട്ടിവയ്ക്കേണ്ടതാണെന്നാണു്. അപ്പോഴും ഈ പാട്ടബാക്കി കൊടുക്കേണ്ട എല്ലാ കുടിയാന്മാരെയും ഇതു ബാധിക്കുന്ന ഒന്നാണു്. ഇന്നു പത്തു രൂപാ പാട്ടബാക്കിക്കു കേസ്സുകൊടുത്താൽ 50 രൂപയാണു് ചെലവാകുന്നതു്. എന്നാൽ ആ നിയമത്തിനു ഒരു കാലാവധി നിശ്ചയിച്ചു. പിന്നെ അതു നീട്ടിക്കൊടുക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. അനാവശ്യമായിട്ടുള്ള അന്യായങ്ങം കൊടുക്കുന്നതിനു കാരണമാകുന്നതുകൊണ്ടു് കുടിയാന്മാർ വളരെ ബുദ്ധിമുട്ടും നഷ്ടവും സഹിക്കേണ്ടിവരുന്നു. അതു വലുതായ കാര്യമല്ലാ എന്നാണെങ്കിൽ എനിക്കതുസംബന്ധിച്ചൊന്നും പറയാനില്ല.

Mr. Speaker : Mr. Narayana Kurup, are you pressing your amendment ?

Shri M. Narayana Kurup: No Sir

The amendment moved by Shri M. Narayana Kurup was, by leave, withdrawn.

The question that the Kerala Tenants and Kudikidappukars Protection (Amendment) Bill, 1964 be taken into consideration was put and carried.

The Bill was taken into consideration.

Clause 2

Mr. Speaker: Amendment Nos. 3, 4 and 5 are in the names of Sarvashri P. C. Raghavan Nair, E. P. Gopalan and M. V. Vasu. The Hon. members are not in their seats.

The question that Clause 2 stand part of the Bill was put and carried.

Clause 2 was added to the Bill.

Clause 3

Mr. Speaker: Amendment Nos. 6, 7 and 8 are in the names of Sarvashri M. V. Vasu, P. C. Raghavan Nair and E. P. Gopalan. The members are not in their seats.

The question that Clause 3, stand part of the Bill was put and carried.

Clause 3 was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

New Clause after Clause 3

Mr. Speaker: Shri M. Narayana Kurup may move amendment No. 9.

Shri M. Narayana Kurup: Sir, I move the following amendment:

After clause 3, add the new clause 3A.

3A. After Section 6 in the principal Act add the following new Section 6A.

"6A. Notwithstanding anything contained in Section 6 or any other provisions of this Act no suit or other proceedings shall be instituted or continued in any court for the recovery of arrears of rent accrued due before 31st day of December 1963, on the ground that the tenant has failed to deposit the arrears of rent within the period and in the manner prescribed under Section 6 and all such pending suits and proceedings shall stand stayed till 31st day of March 1964.

Minister for Home Affairs **(Shri P. T. Chacko)** : Sir, I oppose the amendment.

Mr. Speaker: Mr. Narayana Kurup.....

Shri M. Narayana Kurup: Sir, I am not pressing my amendment.

Amendment No. 9 moved by Shri M. Narayana Kurup was, by leave, withdrawn.

Clause 4

The question that Clause 4 stand part of the Bill was put and carried.

Clause 4 was added to the Bill.

Clause 1, *Preamble and Title*

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Shri P. T. Chacko: Sir, I move that the Kerala Tenants and Kudikidappukars Protection (Amendment) Bill, 1964 be finally passed.

Minister for Public Works **(Shri P. P. Ummerkoya):** Sir, I second it.

The question that the Kerala Tenants and Kudikidappukars Protection (Amendment) Bill, 1964 be finally passed was put and carried.

The Bill was passed.

The Payment of Wages (Kerala Amendment) Bill, 1963

Mr. Speaker: The introduction of this Bill is postponed.

The Nurses and Midwives (Amendment) Bill, 1963

Mr. Speaker: We can continue the discussion on the Nurses and Midwives (Amendment) Bill, 1963. Shri Thomman can speak.

LIBRARY ARCHIVES Kerala Legislative Assembly